# വിവാഹാലോചനയ്ക്കുള്ള പ്രാർത്ഥന

ലോകാരംഭത്തിൽ തന്നെ കുടുംബത്തെ സൃഷ്ടിച്ച ദൈവമേ, ഞങ്ങളുടെ മക്കൾക്കായി ജീവിതപങ്കാളിയെ അന്വേഷിക്കുന്ന ഞങ്ങളെ അനുഗ്രഹിക്കണമെ. അബ്രഹാമിന്റെ പുത്രൻ ഇസഹാക്കിന് വധുവിനെ അന്വേഷിച്ച് പോകുന്ന വേലക്കാരനെ സഹായിച്ച ദൈവമേ, ഞങ്ങളുടെ മക്കൾക്കായി അനാദികാലം മുതലെ അങ്ങ് തിരഞ്ഞെടുത്തിരിക്കുന്ന വ്യക്തിയെക്കാണിച്ച് തരണമെ. ഞങ്ങളുടെ മക്കൾക്ക് ദൈവഭക്തിയും സൽഗുണങ്ങളുള്ളതും വിശ്വസ്തതയോടെ സ്നേഹിച്ചും ആദരിച്ചും ഒന്നിച്ച് ജീവിക്കാൻ ചേർന്ന ഇണയെ നൽകണമേ. ഈ പ്രാർത്ഥന ഇടവക കൂട്ടായ്മ യുടെ നിയോഗത്തോടുകൂടി ഞങ്ങൾ അങ്ങേയ്ക്ക് സമർപ്പിക്കുന്നു. ആമ്മേൻ.

Church of Our Lady of Fatima, Okhla, New Delhi-25